കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ
ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം,
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം,

S001.AVA02/117/2024-ADM തീയതി : 14.10.2024

## മെമ്മോറാണ്ടം

വിഷയം :ശബരിമല സ്പെഷ്യൽ സർവ്വീസ് / ക്രിസ്മസ് അവധി –മായി ബന്ധപ്പെട്ട് കെ.എസ്.ആർ.ടി.സിയിലെ ഡ്രൈവർ തസ്തികയിലെ ജില്ലാടിസ്ഥാനത്തിലുള്ള താത്കാലിക ഒഴിവുകളിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച്-

സ്പെഷ്യൽ സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമായി നടത്തുന്നതിനായി കെ.എസ്.ആർ.ടി.സിയിൽ ജില്ലാ അടിസ്ഥാനത്തിൽ താത്കാലിക സേവനം അനുഷ്ടിക്കാൻ താത്പര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്ന് ഡ്രൈവർ തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. കെ.എസ്.ആർ.റ്റി.സി സർവ്വീസുകളിൽ താൽകാലിക ജീവനക്കാരെ നിയോഗിക്കുന്നത് സംബന്ധിച്ച് ബഹു കേരള ഹൈക്കോടതിയുടെ 19-11-2018 ലെ WP(C) no. 31017/2019 വിധിയുടേയും ബഹു. സുപ്രീം കോടതിയുടെ 08-09-2019 ലെ Special Leave Appeal No. 1011/2019 വിധിയുടേയും അടിസ്ഥാനത്തിലും AVA02/83/2024-ADM, dtd: 02.09.2024 നമ്പരായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസർമാർക്ക് നൽകിയ ഇതേ താല്ക്കാലിക ഒഴിവുകൾ നികത്തുന്നതിനും വിധേയമായിട്ടുമായിരിക്കും നിലവിൽ താൽകാലിക ഡ്രൈവർ ജീവനക്കാരെ ദിവസവേതന അടിസ്ഥാനത്തിൽ നിയോഗിക്കുന്നത്.

ഡ്രൈവർ തസ്തികയിലേക്ക്, ബഹു ഹൈക്കോടതി ഉത്തരവ് W.A.Nos.1126 & 1127/2022 dt.22.08.2022 പ്രകാരം കെ.എസ്.ആർ.ടി.സി യിലേക്ക് നിയമനത്തിനായി 23-08-2012 ൽ നിലവിൽ വന്ന PSC യുടെ Reserve Driver Rank ലിസ്റ്റിൽ (Category no. 196/2010) ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മുൻഗണന നൽകുന്നതായിരിക്കും. കെ.എസ്.ആർ.ടി.സി നിഷ്കർഷിക്കുന്ന സേവന വ്യവസ്ഥകൾ അംഗീകരിക്കുന്നതിന് സമ്മതമുള്ളവർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകരിൽ നിന്നും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതും തിരക്കുള്ള ഉത്സവദിവസങ്ങൾ, അവധി കഴിഞ്ഞുള്ള ദിവസങ്ങൾ തുടങ്ങിയ ആവശ്യത്തിലേയ്ക്ക് കെ.എസ്.ആർ.റ്റി.സി യിലെ വിവിധ ഡിപ്പോകളിൽ ഉണ്ടാകുന്ന താൽക്കാലിക ഒഴിവിലേക്ക് അധികമായി ജീവനക്കാരെ ആവശ്യമുണ്ടെങ്കിൽ ടി സെലക്ട് ലിസ്റ്റിൽ നിന്നും താൽകാലിക ദിവസവേതന നിയമനം "Badali" അടിസ്ഥാനത്തിൽ നടത്തുന്നതുമാണ്.

കെ.എസ്.ആർ.ടി.സി നിഷ്കർഷിക്കുന്ന സേവന വേതന വ്യവസ്ഥകൾ പ്രകാരം ജോലി ചെയ്യുന്നതിന് കരാറിൽ ഏർപ്പെടുന്നവരെ മാത്രമായിരിക്കും ജോലിക്ക് നിയോഗിക്കുന്നത്. കരാറിന് പുറമേ 10,000/- (പതിനായിരം) രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റും നൽകേണ്ടതാണ്. ടി തുക ജീവനക്കാരൻ താൽക്കാലിക സേവനത്തിൽ ഉള്ളിടത്തോളം കാലം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നിലനിർത്തുന്നതാണ്. ടിയാൻ സ്വയം പിരിഞ്ഞ് പോകുകയോ 60 വയസ് പൂർത്തീകരിച്ച് താൽകാലിക സേവനത്തിൽ നിന്നും വിടുതൽ ചെയ്യപ്പെടുകയോ ചെയ്യുന്ന മുറയ്ക്ക് ടി തുക തിരികെ നൽകുന്നതാണ്. പ്രസ്തുത സെലക്ട് ലിസ്റ്റിന്റെ കാലാവധി സെലക്ട് ലിസ്റ്റ് നിലവിൽ വന്നതുമുതൽ ഒരു വർഷക്കാലത്തേയ്ക്ക് വരെ മാത്രമായിരിക്കും.

- ഡ്രൈവർ

1. യോഗ്യതകളും പ്രവർത്തി പരിചയവും (നിർബന്ധം)
   a. ഉദ്യോഗാർത്ഥി MV Act 1988 പ്രകാരമുള്ള ഹെവി ഡ്രൈവിംഗ് ലൈസൻസ് കരസ്ഥമാക്കിയിരിക്കണം.
   b. മുപ്പതിൽ (30) ൽ അധികം സീറ്റുകളുള്ള ഹെവി പാസഞ്ചർ വാഹനങ്ങളിൽ മൂന്ന് (3) വർഷത്തിൽ കുറയാതെ ഡ്രൈവിങ്ങിലുള്ള പ്രവർത്തി പരിചയം. പ്രവർത്തി പരിചയം തെളിയിക്കുന്നതിനായി മോട്ടോർ വാഹന തൊഴിലാളി ക്ഷേമനിധിയിലേക്ക് വരിസംഖ്യ നൽകിയതിന്റെ പകർപ്പാ സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമായ പ്രവർത്തി പരിചയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകളോ ഹാജരാക്കണം. ഇത്തരം ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ വാഹന ഉടമയിൽ നിന്നും ലഭിച്ച പ്രവർത്തി പരിചയം തെളിയിക്കുന്ന സർട്ടിഫിക്കറ്റും പരിഗണിക്കുന്നതാണ്.
   c. **പ്രായം:** അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയിൽ 25 മുതൽ 55 വയസ്സ് വരെ.

2. അഭിലഷണീയ യോഗ്യതയും പ്രവർത്തി പരിചയവും
   a. വാഹനങ്ങളുടെ പ്രവർത്തനത്തെപ്പറ്റിയുള്ള അറിവും വാഹനങ്ങളിലുണ്ടാകുന്ന ചെറിയ തകരാറുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള അറിവും അഭികാമ്യം.

3. മറ്റു വ്യവസ്ഥകൾ

a. സർവ്വീസുകളിൽ ഒരു ദിവസം തുടർച്ചയായ 10 മണിക്കൂർ വരെ ജോലി ചെയ്യുവാൻ ആവശ്യമായ ആരോഗ്യവും, കാഴ്ചശക്തിയും ഉണ്ടായിരിക്കണം. സിവിൽ സർജൻ റാങ്കിൽ കുറയാത്ത സർക്കാർ ഡോക്ടറിൽ നിന്നും നേത്ര രോഗ വിദഗ്ധനിൽ നിന്നും ലഭ്യമായ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണം.

b. കെ.എസ്.ആർ.ടി.സി യിലേക്ക് നിയമനത്തിനായി PSC യുടെ 23/08/2012 ൽ നിലവിൽ വന്ന Reserve Driver Rank ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അനുബന്ധം (1)ലെ സേവന വ്യവസ്ഥകൾ പാലിക്കുന്നതിന് സമ്മതമാണെങ്കിൽ മാത്രം മുൻഗണന നല്കുന്നതായിരിക്കും.

c. PSC യുടെ Reserve Driver Rank ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് മേൽ ഖണ്ഡികയിലെ പാരാ 1.2 നിബന്ധന ബാധകമല്ല. എന്നാൽ driving skill ഉണ്ടെന്ന് സെലക്ഷൻ കമ്മിറ്റി ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റിൽ തെളിയിക്കണം. അപേക്ഷിക്കുമ്പോൾ Rank List ന്റെ നമ്പർ, ഉദ്യോഗാർത്ഥിയുടെ റാങ്ക്, രജിസ്ട്രേഷൻ നമ്പർ എന്നിവ നിർദ്ദിഷ്ട കോളത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. അപൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തുന്നവരുടെ അപേക്ഷകൾ നിരസിക്കുന്നതാണ്.

d. Reserve Driver Rank List-ൽ പെട്ടവരിൽ ഈ വിജ്ഞാപനം അനുസരിച്ച് ജോലിക്ക് അപേക്ഷിക്കാത്തവർക്ക് ഇനിയുള്ള താൽകാലിക Badali നിയമനങ്ങൾക്ക് ബഹു ഹൈക്കോടതി വിധി പ്രകാരമുള്ള മുൻഗണന നൽകുന്നതല്ല.

തിരഞ്ഞെടുപ്പ് പ്രക്രിയ

അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി ചുരുക്ക പട്ടിക തയ്യാറാക്കിയതിൽ ഉൾപെട്ടിട്ടുള്ളവർ താഴെ പറയുന്ന പ്രക്രിയകൾ പൂർത്തീകരിക്കേണ്ടതാണ് :

ഡ്രൈവർ തസ്തികയിൽ അപേക്ഷിക്കുന്നവർ ടി നിയമനവുമായി ബന്ധപ്പെട്ട് രൂപീകരിക്കുന്ന സെലക്ഷൻ കമ്മിറ്റി ജില്ലാ അടിസ്ഥാനത്തിൽ നടത്തുന്ന ഡ്രൈവിംഗ് ടെസ്റ്റ് പാസ്സായിരിക്കണം.

പൊതു താൽപര്യങ്ങൾക്ക് അനുസൃതമായി മാനേജ്മെന്റ് കാലാകാലങ്ങളിൽ ഭേദഗതി വരുത്താവുന്നതായ ബദലി നിയമനം സംബന്ധിച്ചുള്ള വ്യവസ്ഥകൾ അനുബന്ധം (1) ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.

അനുബന്ധത്തിൽ വിവരിച്ചിരിക്കുന്ന വ്യവസ്ഥകളിൽ ദിവസ വേതനത്തിന് ജോലി നിർവഹിക്കുവാൻ സന്നദ്ധരായ യോഗ്യത ഉള്ളവർ അനുബന്ധം (2) പ്രകാരമുള്ള മാതൃകയിൽ ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് ട്രാൻസ്പോർട്ട് ഓഫീസർ / അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർക്ക് അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്.

**അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി**

അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, വയസ് എന്നിവ തെളിയിക്കുന്ന സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ, പാസ്പോർട്ട് സൈസ് ഫോട്ടോ ഉടങ്ങിയവ ഉൾപ്പെടുത്തി **25.10.2024 ന് വൈകുന്നേരം 5 മണിയ്ക്ക് മുൻപായി** അനുബന്ധം (2) ലെ നിശ്ചിത പ്രോഫോർമയിൽ ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് ട്രാൻസ്പോർട്ട് ഓഫീസർ / അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർക്ക് സീൽ ചെയ്ത കവറിൽ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മുകൾ ഭാഗത്ത് താൽകാലിക ഡ്രൈവർ എന്ന് രേഖപ്പെടുത്തിയിരിക്കണം. പേരും മേൽ വിലാസവും മൊബൈൽ ഫോൺ നമ്പരും ഇടതു വശത്ത് രേഖപ്പെടുത്തിയിരിക്കണം.

**അപേക്ഷകൾ സമർപ്പിക്കേണ്ട വിലാസം**

ഓരോ ഉദ്യോഗാർത്ഥിക്കും തങ്ങളുടെ ജില്ലയിലെ കെ.എസ്.ആർ.റ്റി.സി ഡിപ്പോകളിലെ ബന്ധപ്പെട്ട ഡിസ്ട്രിക്റ്റ് ഡി.റ്റി.ഒ / എ.റ്റി.ഒ-യ്ക്ക് നിശ്ചിത തിയതിക്ക് മുൻപ് അനുബന്ധം 2 (a)/2 (b) മാതൃകയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. PSC റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ അനുബന്ധം 2 (a)ലും, മറ്റുള്ളവർ 2 (b)ലും ആണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**വിലാസം :- ഡിസ്ട്രിക്റ്റ് ട്രാൻസ്പോർട്ട് ഓഫീസർ / അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ ............................................................ യൂണിറ്റ്, കെ.എസ്.ആർ.റ്റി.സി.**

യൂണിറ്റുകളിൽ ലഭ്യമായ അപേക്ഷകൾ 26.10.2024-ന് തന്നെ ജില്ലാ ഹെഡ് ക്വാർട്ടേഴ്സുകളിൽ ശേഖരിക്കേണ്ടതാണ്. ജില്ലാ ഹെഡ് ക്വാർട്ടേഴ്സ് യൂണിറ്റോഫീസർമാർ ഹെഡ് ക്വാർട്ടേഴ്സ് അഡ്മിനിസ്റ്റേറ്റീവ് ഓഫീസർമാർ എന്നിവർ ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് ഡ്രൈവിംഗ് ടെസ്റ്റിനായുള്ള യോഗ്യരായ ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. ചുവടെപ്പറയുന്ന സെലക്ഷൻ കമ്മിറ്റി ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

സെലക്ഷൻ കമ്മിറ്റി

1. ഹെഡ് ക്വാർട്ടേഴ്സ് യൂണിറ്റോഫീസർ
2. ഹെഡ് ക്വാർട്ടേഴ്സ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
(അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരുടെ അഭാവത്തിൽ യൂണിറ്റിലെ സീനിയർ സൂപ്രണ്ട് ടി ചുമതല വഹിക്കേണ്ടതാണ്.)
3. ഡിപ്പോ എഞ്ചിനീയർ / അസിസ്റ്റൻറ് ഡിപ്പോ എഞ്ചിനീയർ
4. ഹെഡ് വെഹിക്കിൾ സൂപ്പർവൈസർ / വെഹിക്കിൾ സൂപ്പർവൈസർ

**ഉദ്യോഗാർത്ഥികളുടെ ഡ്രൈവിംഗ് ടെസ്റ്റ് 30.10.2024-നകം പൂർത്തികരിക്കേണ്ടതും തെരഞ്ഞെടുത്ത ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ( PDF & EXCEL Format)ചീഫ് ഓഫീസ് അംഗീകാരത്തിനായി 02.11.2024-നകം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അഡ്മിനിസ്ട്രേഷൻ വിഭാഗം-ന് ലഭ്യമാക്കേണ്ടതാണ്.**

മറ്റ് വ്യവസ്ഥകൾ

I. ഇപ്രകാരം നിയമിക്കപ്പെടുന്നവർക്ക് ടി കാലയളവിലെ സേവനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.റ്റി.സി യിലോ സർക്കാരിന്റെ അധീനതയിലുള്ള സ്ഥാപനങ്ങളിലോ സ്ഥിര നിയമനം നേടുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. കെ.എസ്.ആർ.റ്റി.സി യിൽ ബദലി ഡ്രൈവറുടെ ആവശ്യകത ഉണ്ടാകുന്ന ദിവസങ്ങളിൽ മാത്രമായിരിക്കും ജോലിക്കായി നിയോഗിക്കുന്നത്.

II. ഓരോ യൂണിറ്റിലും ആവശ്യമായ ഡ്രൈവർമാരുടെ സെലക്ട് ലിസ്റ്റ് പ്രത്യേകമായി തയ്യാറാക്കി ജില്ലാ അടിസ്ഥാനത്തിലുള്ള ഒരു പൊതു സെലക്ട് ലിസ്റ്റ് തയ്യാറാക്കി **05-11-2024** തീയതിയിൽ പ്രസിദ്ധീകരിക്കുന്നതാണ്.

III. സെലക്ട് ലിസ്റ്റിൽ ഉള്ള മുഴുവൻ പേർക്കും ദിവസവേതനത്തിൽ ജോലിയിൽ ഏർപ്പെടുത്തണം എന്ന് നിർബന്ധമില്ല. അതിനെതിരെ യാതൊരുവിധ അവകാശങ്ങളും കെ.എസ്.ആർ.റ്റി.സി-യ്ക്കെതിരെ നിലനിൽക്കുന്നതല്ല. ഓരോ ജില്ലയിലെ ഓരോ യൂണിറ്റിലും ആവശ്യമായ ഉദ്യോഗാർത്ഥികളെ യൂണിറ്റ് ഓഫീസർമാർ ആവശ്യമുള്ള ജില്ലകളിൽ ജോലിക്ക് നിയോഗിക്കേണ്ടതാണ്.

IV. ജോലിക്ക് വിളിക്കുമ്പോൾ സ്ഥിരമായി ഹാജരാകാതിരിക്കുന്നവരെ സെലക്ട് ലിസ്റ്റിൽ നിന്നും നോട്ടീസ് ഇല്ലാതെ നീക്കം ചെയ്യുന്നതാണ്. അത്തരത്തിൽ നീക്കം ചെയ്യുന്നവരെ വീണ്ടും ജോലിക്ക് നിയോഗിക്കുന്നതല്ല.

V. സെലക്ട് ലിസ്റ്റിൽ ഉള്ള ജീവനക്കാരെ റൊട്ടേഷൻ അടിസ്ഥാനത്തിൽ ആണ് ജോലിക്കു നിയോഗിക്കുന്നത്. എന്നാൽ അപകടം ഉണ്ടാക്കുക, മദ്യപിച്ച് കൊണ്ട് ജോലിക്കു ഹാജരാകുക, യാത്രക്കാരോട് അപമര്യാദയായി പെരുമാറുക, ടിക്കറ്റ് ക്യാഷ് മോഷ്ടിക്കുക തുടങ്ങിയ കൃത്യങ്ങളിൽ ഏർപ്പെടുന്നവരെ ജോലിയിൽ നിന്നും മാറ്റി നിർത്തുകയോ പൂർണ്ണമായും ഒഴിവാക്കുകയോ ചെയ്യുന്നതാണ്.

VI. 09-07-2019ലെ സ.ഉ (അച്ചടി) 81/2019/ധന നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 8 മണിക്കൂർ ഡ്യൂട്ടിയ്ക്ക് 715/-രൂപയാണ് വേതനം നിശ്ചയിച്ചിരിക്കുന്നത്. അധിക മണിക്കൂറിന് 130 രൂപ അധികസമയ അലവൻസ് ആയി നൽകും. അധിക വരുമാനത്തിൽ നിലവിലുള്ള ഇൻസെന്റീവ് സംവിധാനം അനുസരിച്ചുള്ള ഇൻസെന്റീവ് ബാറ്റയും ലഭ്യമാകുന്നതാണ്. ഇപ്രകാരം ജോലിക്ക് നിയോഗിക്കപ്പെടുന്നവർ Motor Transport Workers Act 1961/ Rules 1962 അനുസരിച്ചുള്ള Duty pattern അനുസരിച്ച് ഡ്യൂട്ടി ചെയ്യാൻ ബാധ്യസ്ഥർ ആയിരിക്കും.

എക്സിക്യൂട്ടീവ് ഡയറക്ടർ അഡ്മിനിസ്ട്രേഷൻ
ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്കു വേണ്ടി

സ്വീകർത്താവ്: എല്ലാ ഹെഡ് ക്വാർട്ടേഴ്സ് യൂണിറ്റ് അധികാരികളും

പകർപ്പ് :- എല്ലാ മേഖലാ അധികാരികളും / എല്ലാ യൂണിറ്റധികാരികളും,

ഫയൽ/ കരുതൽ ഫയൽ.

* **മെമ്മോറാണ്ടം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.**

അനുബന്ധം I

**ഡ്രൈവർ : സേവന-വേതന വ്യവസ്ഥകൾ.**

(താഴെ പറയുന്ന വ്യവസ്ഥകൾ സൂചന മാത്രമാകുന്നു. കാലാകാലങ്ങളിൽ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് തീരുമാനിക്കുന്ന മാറ്റങ്ങൾ നടപ്പിലാക്കുന്നതാണ്)

---

ഡ്രൈവർ ജോലിയിൽ സേവനം അനുഷ്ഠിക്കുന്നതിന് കെ.എസ്.ആർ.ടി.സി. പുറപ്പെടുവിക്കുന്നതും, കാലാകാലങ്ങളിൽ ഭേദഗതി ചെയ്ത് പുറപ്പെടുവിക്കുന്നതുമായ എല്ലാ ഉത്തരവുകൾക്കും വിധേയമായി പ്രവർത്തിക്കേണ്ടതും, ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകൾ, ജോലികൾ, ഉത്തരവാദിത്വങ്ങൾ എന്നിവ അടിസ്ഥാനമാക്കി സേവനം അനുഷ്ഠിക്കുവാൻ താത്പര്യമുള്ളവർ ആണ് അപേക്ഷിക്കേണ്ടത്.

1. **പൊതുവായ നിബന്ധനകളും വ്യവസ്ഥകളും**

a. KSRTC ൽ നിയമിതരാകുന്നവർ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്ന സേവന വേതന വ്യവസ്ഥകളിൽ ജോലി ചെയ്യുന്നതിന് സന്നദ്ധരായിരിക്കണം, ആയതിനായി 200രൂപ മുദ്രപത്രത്തിൽ KSRTC മായി കരാറിൽ ഏർപ്പെടേണ്ടതുമാണ്.

b. ദിവസ വേതനം : ദിവസ വേതന വ്യവസ്ഥയിൽ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് 8 മണിക്കൂർ ഡ്യൂട്ടിക്ക് രൂപ 715/- വീതം ആയിരിക്കും ലഭിക്കുന്നത്. ഇപ്രകാരം സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് അർഹമായ ഇൻസെന്റീവ് / അലവൻസുകൾ / ബാറ്റ എന്നിവ ലഭ്യമാകുന്നതാണ്.

c. Sign in & Sign off അടക്കമുള്ള 8 മണിക്കൂർ ഡ്യൂട്ടിക്ക് ശേഷമുള്ള അധിക സമയ അലവൻസ് ഒരു മണിക്കൂറിന് 130 രൂപ എന്ന നിരക്കിൽ അധിക പ്രവൃത്തി ചെയ്യുന്ന സമയത്തിന് ആനുപാതികമായി നൽകുന്നതാണ്.

   i. ആയത് അഞ്ച് (5) മണിക്കൂറിനു മുകളിൽ അധികരിക്കുന്ന പക്ഷം അടുത്ത ഡ്യൂട്ടിയായി പരിഗണിക്കുന്നതാണ്.

   ii. സർവീസുകൾക്കിടയിൽ നിർദ്ദിഷ്ട വിശ്രമ സമയത്തിന് അധികമായി ഡ്യൂട്ടി പരിഗണിക്കുന്നതല്ല എന്നാൽ അധിക ബത്ത പരിഗണിക്കുന്നതാണ്.

d. അപകടങ്ങൾ ഉണ്ടാകാതെയും, ബസ്സുകൾക്ക് കേടുപാടുകൾ ഉണ്ടാകാതെയും ചുവടെ ചേർത്തിരിക്കുന്ന മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് ഇൻസെന്റീവ് നൽകുന്നത് പരിഗണിക്കും

   1. യാത്രക്കാരുമായി മികച്ച ഉപഭോക്തൃ ബന്ധം കാത്തു സൂക്ഷിക്കൽ.

2. ബസുകളുടെ കൃത്യമായ പരിപാലനം.

3. ബസ് എല്ലാ സമയവും വൃത്തിയായി സൂക്ഷിയ്ക്കുന്നത്.

4. ഡ്യൂട്ടിയിലെ കൃത്യനിഷ്ഠത.

5. ഡ്യൂട്ടി സമയത്ത് കൃത്യവും വൃത്തിയുള്ളതുമായ യൂണിഫോം ധരിയ്ക്കൽ.

6. കൂടുതൽവരുമാനം നേടുന്നതിനുള്ള മുന്നൈകയെടുക്കൽ തുടങ്ങിയവ..

e. മതിയായ കാരണങ്ങൾ ഇല്ലാതെ ജോലിക്ക് ഹാജരാവാത്തതിനാൽ സർവീസ് ക്യാൻസലേഷൻ / ലേറ്റ് ഡിപ്പാർച്ചർ സംഭവിക്കുകയാണെങ്കിൽ അതിന്റെ പൂർണ ഉത്തരവാദിത്വം കാരണക്കാരായ ജീവനക്കാർക്ക് മാത്രമായിരിക്കും. ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കുന്നതാണ്.

f. ഡ്യൂട്ടി നിർണ്ണയം, റൂട്ട് സെലക്ഷൻ, ഡ്യൂട്ടി പാറ്റേൺ മുതലായവ മാനേജ്മെന്റ് തീരുമാനിക്കുന്നതും ആ തീരുമാനങ്ങൾ പൂർണമായും പാലിക്കുന്നതിന് ജീവനക്കർ ബാധ്യസ്ഥരുമാണ്.

g. തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകർ KSRTC യുമായി നിർദ്ദിഷ്ട കരാറിൽ ഏർപ്പെടുന്നതിനൊപ്പം പലിശയില്ലാത്ത റീഫണ്ട് ചെയ്യുന്ന കരുതൽ നിക്ഷേപമായി ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ പേരിൽ എടുത്ത 10,000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റും സമർപ്പിയ്ക്കേണ്ടതാണ്.

**II. <u>വേതന വ്യവസ്ഥകൾ</u> :**

- ഒരു ഡ്യൂട്ടിയ്ക്ക് രൂപ 715/- വീതം ശമ്പളമായി അനുവദിയ്ക്കും.
- KSRTC അംഗീകരിച്ചിട്ടുള്ള ഡ്യൂട്ടി റോസ്റ്റർ അനുസരിച്ച് ഹാജരാകേണ്ടതും വീക്കിലി ഓഫിന് അർഹത ഉണ്ടായിരിക്കുന്നതുമാണ്.

III. **<u>സേവന വ്യവസ്ഥകൾ</u>** :

1. ഡ്യൂട്ടി സമ്പ്രദായം / വേതനം / ഭരണപരമായ തീരുമാനങ്ങൾ മുതലായവ സംബന്ധിച്ച് KSRTC നിർണ്ണയിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം ജോലി ചെയ്യേണ്ടതാണ്.
2. സർവ്വീസ് പുറപ്പെടുന്നതിന് മുൻപ് ബസ്സിനുൾവശം വൃത്തിയും വെടിപ്പും വരുത്തേണ്ടതും, സീറ്റ് കവർ, വിൻഡോ കർട്ടൻ / വിൻഡോ ഗ്ലാസ് വൃത്തിയാണെന്ന് ഉറപ്പു വരുത്തിയശേഷം മാത്രമെ സർവ്വീസിനായി ബസ് ഉപയോഗിക്കുവാൻ പാടുള്ളൂ.
3. സർവ്വീസ് പുറപ്പെടുന്നതിന് അരമണിക്കൂർ മുൻപ് നിർദ്ദിഷ്ട ബസ്, സർവ്വീസ് ഓപ്പറേഷന് പ്രാപ്തമാണോ എന്നത് പരിശോധിച്ച് യഥാസമയം bus bay- ൽ എത്തിക്കേണ്ടതാണ്.
4. ഡെസ്റ്റിനേഷൻ ബോർഡ് ബസ്സിൽ പ്രദർശിപ്പിക്കേണ്ടതാണ്.

5. KSRTC നിർദ്ദേശിക്കുന്ന യൂണിഫോം ധരിക്കുക, യൂണിഫോം ഏതായിരിക്കണം / എപ്രകാരം ആയിരിക്കണം / എപ്രകാരം ധരിക്കണം എന്നിവ KSRTC നിർദ്ദേശിക്കുന്ന രീതിയിൽ മാത്രമെ ധരിക്കുവാൻപാടുള്ളൂ.

6. KSRTC നിർണ്ണയിക്കുന്ന സർവ്വീസ് പോകുന്നതിന് ബാധ്യസ്ഥനായിരിക്കണം. ഡ്യൂട്ടി നിർണ്ണയിക്കൽ, റൂട്ട് തിരഞ്ഞെടുക്കൽ, ഡ്യൂട്ടി സമ്പ്രദായം എന്നിവയിൽ യാതൊരു അഭിപ്രായ സ്വാതന്ത്ര്യവും ഉണ്ടായിരിക്കില്ല.

7. യാത്രക്കാരെ അതിഥികളായി കണ്ട് പ്രവർത്തിക്കുകയും, KSRTC യുടെ താൽപര്യങ്ങൾക്ക് അനുസൃതമായി യാത്രക്കാരോട് സഭ്യവും വിനയാന്വിതവുമായി പെരുമാറുകയും അവരുടെ സുരക്ഷാ സംവിധാനങ്ങളിൽ ശ്രദ്ധചെലുത്തുകയും ഏതുസാഹചര്യത്തിലും യാത്രക്കാരുടെ സൗകര്യങ്ങൾക്ക് മുൻഗണന നൽകേണ്ടതുമാണ്.

8. പരമാവധി യാത്രക്കാരെ ബസ്സിൽ കയറ്റുന്നതിനും, നിയമാനുസൃണം യാത്രക്കാരെ ബസ് സ്റ്റോപ്പുകളിൽ ഇറക്കുന്നതിനും, നിർദ്ദിഷ്ട സ്റ്റോപ്പുകളിൽ നിർത്തുന്നതിനും ശ്രദ്ധാലുവാകേണ്ടതാണ്.

9. യാത്രാമധ്യേ യാത്രികന് മെഡിക്കൽ സഹായം അനിവാര്യമായാൽ മറ്റ് യാത്രക്കാരെ ബുദ്ധിമുട്ടിക്കാതെ സഹായ സജ്ജീകരണങ്ങൾ ഒരുക്കുവാൻ ശ്രമിക്കേണ്ടതാണ്.

10. യാത്രക്കാർ ഇറങ്ങുന്നതിന് മുമ്പ് ബാലൻസ്, യാത്രക്കാരുടെ മറ്റ് വിലപ്പിടിപ്പുള്ള വസ്തുക്കൾ എന്നിവ ബസ്സിൽവച്ച് മറന്നുപോകാതിരിക്കാനുള്ള സന്ദേശം പ്രധാന സ്റ്റോപ്പുകളിൽ ജീവനക്കാർ നൽകേണ്ടതാണ്.

11. യാത്രാമധ്യേ ടയർ പഞ്ചർ കാരണം ബ്രേക്ക്ഡൗൺ ആകുന്നപക്ഷം ജീവനക്കാർ തന്നെ സ്റ്റെപ്പിനി ടയർ മാറ്റി സർവ്വീസ് നടത്തേണ്ടതാണ്.

12. ബസ്സിനുള്ളിൽ സന്ദർശക പുസ്തകം യാത്രക്കാർ കാണത്തക്കരീതിയിൽ സൂക്ഷിക്കേണ്ടതും, യാത്രക്കാർ ആവശ്യപ്പെടുന്ന മുറയ്ക്ക് അവരുടെ അഭിപ്രായം രേഖപ്പെടുത്തുവാൻ ലഭ്യമാക്കേണ്ടതുമാണ്.

13. വീൽചെയർ ഉപയോഗിക്കുവാൻ പറ്റുന്ന ബസ്സുകളിൽ ആയതിലേയ്ക്കായി ബസ് താഴ്ത്തി അംഗപരിമിതർക്ക് കയറാനും ഇറങ്ങാനും യാത്ര ചെയ്യാനും വേണ്ട സഹായം ലഭ്യമാക്കേണ്ടതാണ്.

14. വൃദ്ധർ / അന്ധർ, അംഗപരിമിതർ തുടങ്ങിയവരെ കയറ്റുമ്പോഴും ഇറക്കുമ്പോഴും വേണ്ട സഹായങ്ങൾ ചെയ്യേണ്ടതും പരിപൂർണ്ണശ്രദ്ധ പുലർത്തേണ്ടതുമാണ്.

15. ലോജിസ്റ്റിക്സ് സംബന്ധമായ പാഴ്സലുകൾ, കാർഗോ, കത്തുകൾ, ഡോക്യുമെൻ്റുകൾ തുടങ്ങിയവ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്.

16. കേവല കാരണങ്ങൾ പറഞ്ഞുകൊണ്ട് അവധി അപേക്ഷിക്കുക, നിസ്സാര കാരണങ്ങളാൽ ജോലിക്ക് ഹാജരാകാതിരിക്കുക / യഥാസമയം ഹാജരാകാത്ത പക്ഷം, സർവ്വീസ് ക്യാൻസലേഷൻ / ട്രിപ്പ് കർട്ടയിൽമെൻ്റ് / ലേറ്റ് ഡിപ്പാർച്ചർ എന്നിവ ഉണ്ടായാൽ അതിൻ്റെ പൂർണ്ണ ഉത്തരവാദിത്വം ജീവനക്കാർക്ക് ആയിരിക്കും.

17. പ്രകോപനം ഉണ്ടാകുന്ന രീതിയിൽ യാത്രക്കാർ സംസാരിച്ചാൽ പോലും "Customer is the most important person in our premises" എന്ന ഗാന്ധി വചനത്തിൻ്റെ അടിസ്ഥാനത്തിൽ സംയമനം പാലിക്കേണ്ടതാണ്.

18. സർവ്വീസ് തുടങ്ങുന്നതിന് മുൻപ് ബസ്സിൻ്റെ അകവും പുറവും പരിശോധിക്കേണ്ടതും, സ്ക്രാച്ചുകൾ വിള്ളലുകൾ തുടങ്ങിയവയുണ്ടെങ്കിൽ മൊബൈലിൽ ഫോട്ടോ എടുത്തിരിക്കേണ്ടതും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിച്ചതിനുശേഷം മാത്രമെ സർവ്വീസിന് ടി വാഹനം ഉപയോഗിക്കുവാൻ പാടുള്ളൂ. അല്ലാത്തപക്ഷം ഡ്യൂട്ടി തീർന്ന് വരുമ്പോൾ പരിശോധനയ്ക്ക് വിധേയമാക്കുമ്പോൾ ഇത്തരം നഷ്ടങ്ങൾ ടി ക്രൂ ഉത്തരവാദി ആയിരിക്കും.

19. സർവ്വീസിനിടയിൽ വാഹന സംബന്ധമായ യാത്രക്കാരുടെ പരാതികൾ ഡ്യൂട്ടി ഫിനിഷ് ചെയ്യുന്ന സമയം അപ്പോൾതന്നെ ബന്ധപ്പെട്ട മേൽഉദ്യോഗസ്ഥർക്ക് രേഖാമൂലം നൽകേണ്ടതാണ്.

20. യാത്രക്കാരോട് അപമര്യാദയായി പെരുമാറിയെന്ന് ബോധ്യപ്പെടുന്നപക്ഷം നോട്ടീസില്ലാതെ ജോലിയിൽ നിന്നും ഉടനടി നീക്കം ചെയ്യുന്നതിന് KSRTC ക്ക് പൂർണ്ണ അധികാരം ഉണ്ടായിരി ക്കുന്നതാണ്.

21. യാത്രക്കാരുടെയും ബസ്സിൻ്റെയും ഉൾപ്പെടെയുള്ള ക്രൂവിൻ്റെയും സുരക്ഷയുടെ ഉത്തരവാദിത്വം തന്നിൽ നിക്ഷിപ്തമാണെന്ന അവബോധത്തോടെ ഡ്രൈവിംഗ് ഡ്യൂട്ടി നിർവ്വഹിക്കേണ്ടതാണ്.

22. ജീവനക്കാരുടെ കാരണത്താൽ ബസ്സിന് / വാഹനത്തിന് 1,00,000/- (ഒരു ലക്ഷം) രൂപയിലധികം നാശനഷ്ടം ഉണ്ടാകുന്നപക്ഷം താൽകാലിക സേവനങ്ങളിൽ നിന്നും നീക്കം ചെയ്യുന്നതടക്കമുള്ള നടപടി സ്വീകരിക്കുന്നതിന് KSRTC ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും ഇപ്രകാരം നീക്കം ചെയ്യുന്നതിലൂടെ KSRTC ക്ക് സാമ്പത്തികമോ അല്ലാതെയോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതല്ല. നാശനഷ്ടത്തിന് ആനുപാതി കമായുള്ള നഷ്ടം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നോ അവരുടെ സ്ഥാവരജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കുന്നതാണ്.

23. മദ്യപിച്ചുകൊണ്ട് സർവ്വീസ് ഓപ്പറേഷനിൽ പങ്കെടുക്കുകയോ, മദ്യപിച്ചുകൊണ്ട് സർവ്വീസ് നടത്തുകയോ ചെയ്യുതായി കണ്ടുപിടിക്കപ്പെട്ടാൽ യാതൊരു മുന്നറിയിപ്പുമില്ലാതെ നോട്ടീസില്ലാതെ ഉടനടി പിരിച്ചുവിടുന്നതിന് KSRTC ക്ക് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും, ഇപ്രകാരം പിരിച്ചുവിടുന്നതിലൂടെ KSRTC ക്ക് സാമ്പത്തികമോ അല്ലാതെയോ യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല.

24. സ്ഥിരമായി ജോലിക്ക് ഹാജരാകേണ്ടതാണ്. സ്ഥിരമായി ജോലിക്ക് ഹാജരാകാത്തവരെ നോട്ടീസ് ഇല്ലാതെ നീക്കം ചെയ്യുന്നതാണ്.

*********************

അനുബന്ധം – II - A

## Application for the post of badali Driver in KSRTC for Special Services 2024-2025

## (For PSC Rank Holders)

Affix a recent Passport Size Photograph duly self-attested

| | | | |
|---|---|---|---|
| 1. | Name of the Post Applied | : | |
| 2. | District to which Applied for | : | |
| 3. | Name of the candidate as recorded in the educational certificate | : | |
| 4. | Father's Name | : | |
| 5. | Date of Birth as recorded in the educational certificate | : | |
| 6. | Age as on 01-1-2022 | : | |
| 7. | Educational and other qualifications | : | |
| 8. | Experience | : | |
| 9. | Permanent Address | : | |
| 10. | Address for communication With Mobile Number | : | |
| 11. | Details of PSC Rank List for KSRTC Reserve Drivers. | : | Name of the Post :<br>Rank List Category No:<br>Rank :<br>Name as in the Rank List:<br>Registration No. : |

### Declaration

I ............................................................... hereby declare, that the information furnished above are true to the best of my knowledge and belief. I do understand that in the event of any information being found false or incorrect before or after selection, my candidature is liable to be cancelled followed by legal action.

Name & Signature of the candidate

Place :
Date :

അനുബന്ധം – II - B

Application for the post of badali Driver in KSRTC for

Special Services 2024-2025

**(For non PSC Rank Holders)**

Affix a recent Passport Size Photograph duly self-attested

| | | | |
|---|---|---|---|
| 1. | Name of the Post Applied | : | |
| 2. | District to which Applied for | : | |
| 3. | Name of the candidate as recorded in the educational certificate | : | |
| 4. | Father's Name | : | |
| 5. | Date of Birth as recorded in the educational certificate | : | |
| 6. | Age as on 01-1-2022 | : | |
| 7. | Educational and other qualifications | : | |
| 8. | Experience | : | |
| 9. | Permanent Address | : | |
| 10. | Address for communication With Mobile Number | : | |

Declaration

I .................................................................. hereby declare that the information furnished above are true to the best of my knowledge and belief. I do understand that in the event of any information being found false or incorrect before or after selection, my candidature is liable to be cancelled followed by legal action.

Place :
Date :

Name & Signature of the candidate